# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ:102/2012/സം.തി.ക.. തീയതി: 2012 ആഗസ്റ്റ് -7

കേരള സർക്കാർ 2012 ആഗസ്റ്റ് 7-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ അതേ തീയതിയിലെ സ.ഉ.(പി). 213/2012/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം കൗൺസിലർമാരെ തിരഞ്ഞെടുക്കുവാൻ കണ്ണൂർ ജില്ലയിലെ എം-57 മട്ടന്നൂർ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ;

ഇപ്പോൾ, പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് -

(എ) 2012 ആഗസ്റ്റ് 14 ചൊവ്വാഴ്ച നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) 2012 ആഗസ്റ്റ് 16 വ്യാഴാഴ്ച നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന യ്ക്കുള്ള തിയതിയായും;

(സി) 2012 ആഗസ്റ്റ് 18 ശനിയാഴ്ച സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) 2012 സെപ്റ്റംബർ 04 ചൊവ്വാഴ്ച ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതി നുള്ള തീയതിയായും;

(ഇ) 2012 സെപ്റ്റംബർ 20 വ്യാഴാഴ്ച തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും;

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 105-ാം വകുപ്പനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)

കെ.ശശിധരൻ നായർ
സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം.

# വിജ്ഞാപനം

നമ്പർ. 103/2012/സം.തി.ക..                                    തീയതി; 2012 ആഗസ്റ്റ് - 7

കേരള സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ 2012 ആഗസ്റ്റ് 7-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ, അതേ തീയതിയിലെ 102/2012/സം.തി.ക.. നമ്പർ വിജ്ഞാപനപ്രകാരം തിരഞ്ഞെടുപ്പ് നടത്തേണ്ട കണ്ണൂർ ജില്ലയിലെ എം. 57 മട്ടന്നൂർ നഗരസഭാ വാർഡുകളിൽ വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം, അത് നടത്തുന്നതിനുള്ള സമയം, രാവിലെ ഏഴു മണിമുതൽ വൈകുന്നേരം 5 മണിവരെയായി, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 126-ാം വകുപ്പനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

(ഒപ്പ്)

കെ.ശശിധരൻ നായർ
സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പു
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം.



കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@sify.com, Website : www.electionker.org